**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *71. 30.06.2016 ന് മറുപടിയ്ക്ക്

**പുനർജനി-2030 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'പുനർജനി-2030' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.ഒ.(എം.എസ്)നം.174/14/നി.വ. തീയതി. 14.10.2014 ലെ ഉത്തരവ് പ്രകാരം 'പുനർജ്ജനി-2030' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2014-15 വർഷത്തെ മദ്യനയത്തിന്റെ ഭാഗമായി ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനഃരധിവസിപ്പിക്കുക എന്നതാണ് 'പുനർജനി-2030' എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി എപ്പോഴെങ്കിലും മദ്യത്തിന് സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ ഇതുവരെ എത്ര തുക സമാഹരിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | പുനർജനി-2030 എന്ന പദ്ധതിയുടെ നടത്തിപ്പിനായി മദ്യത്തിന് സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. 2014 ഒക്ടോബർ മുതൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി മദ്യത്തിന്റെ വില്പന നികുതിയിന്മേൽ 5% പുനരധിവാസ സെസ്സ് സർക്കാർ ചുമത്തിയിട്ടുണ്ട്. ഇപ്രകാരം 2014 ഒക്ടോബർ മാസം മുതൽ 2016 മെയ് മാസംവരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ 472.53 കോടി രൂപ പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരി |

| | | | |
|---|---|---|---|
| | | | ച്ചിട്ടുണ്ട്. ഇതിൽ കോർപ്പറേഷൻ ചിലവഴിച്ച ആകെ തുക 11,26,55,000/- രൂപയാണ്. |
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ? | (സി) | 04.09.2014 ലെ ജി.ഒ.(ആർ.റ്റി)നം.723/14/നി.വ നമ്പർ ഉത്തരവ് പ്രകാരം 5851 തൊഴിലാളികൾക്ക് 5000/- രൂപ വീതം ആകെ 2,92,55,000/- രൂപ ഇടക്കാല ആശ്വാസമായും 20.12.2014 ലെ ജി.ഒ(എം.എസ്)206/14/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,809 തൊഴിലാളികൾക്ക് 10,000/- രൂപ വീതം ആകെ 5,80,90,000/- രൂപ താല്ക്കാലിക സമാശ്വാസമായും തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത 3 തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപ വീതം ആകെ 6,00,000/- രൂപയും പുനർജ്ജനി-2030 എന്ന പദ്ധതിയിൽ സമാഹരിച്ച തുകയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**